

# പൂക്കളും പഴങ്ങളും

**അല്ലാഹുവിനെ നമ്മൾ സ്നേഹിക്കണം.**

എന്നാൽ അല്ലാഹു നമ്മളെയും സ്നേഹിക്കും.

ആപ്പിളും ഓറഞ്ചും നോക്കൂ. എന്തു നല്ല രുചി. പൂക്കളും ചെടികളും നോക്കൂ. എന്തു നല്ല വർണ്ണ ഭംഗി. ഇവയെല്ലാം അല്ലാഹു നമുക്കു വേണ്ടി സൃഷ്ടിച്ചതാണ്. പക്ഷികളെയും മൃഗങ്ങളെയുമെല്ലാം നമുക്കു വേണ്ടിയാണ് അല്ലാഹു സൃഷ്ടിച്ചത്.

മഴ പെയ്യിക്കുന്നത് അല്ലാഹുവാണ്. മഴ പെയ്തില്ലെകിലോ? ഭൂമിയിൽ മരങ്ങളും കൃഷികളും ഉണ്ടാകുമോ? കുടിക്കാൻ വെള്ളം കിട്ടുമോ? ഇതെല്ലാം നമുക്ക് ഒരുക്കിത്തന്ന അല്ലാഹുവിനെ നാം ആരാധിക്കണം.

**അവനെ മാത്രമേ ആരാധിക്കാവൂ.**

അല്ലാഹുവിനെ ആരാധിക്കേണ്ടത് എങ്ങിനെയാണെന്നറിയാമോ? അത് നമ്മെ പഠിപ്പിക്കാനാണ് അല്ലാഹു നബിമാരെ അയച്ചത്. നബിമാരിൽ അവസാനത്തെ നബി മുഹമ്മദ് നബി (സ്വ) യാണ്.

**أَشْهَدُ أَن لاَ إِلهَ إِلاَّ اللهُ وَ أَشْهَدُ أَنَّ مُحَمَّدًا رَسُولُ اللهِ**

**"ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. മുഹമ്മദ് നബി അല്ലാഹുവിൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു."**

അർത്ഥം മനസ്സിലാക്കി ഉറച്ചു വിശ്വസിച്ചു കൊണ്ട് ഈ വാക്യങ്ങൾ ഉച്ചരിച്ചാൽ മാത്രമേ ഒരാൾ മുസ്ലിമാവുകയുള്ളൂ.



കടപ്പാട്: കേരള നദ്‌വത്തുൽ മുജാഹിദീൻ വിദ്യഭ്യാസ ബോർഡ്